Advanced International Journal for Research (AIJFR)
E-ISSN: 3048-7641 ● Website: www.aijfr.com ● Email: editor@aijfr.com

# എ.ആർ രാജരാജ വർമ്മ : വ്യക്തി പ്രഭാവവും സാഹിത്യജീവിതവും.

തയ്യാറാക്കിയത് : ഡോ.രഞ്ജിത് എം, ( DR.RENJITH M
ASSISTANT PROFESSOR ON CONTRACT DEPARTMENT OF MALAYALAM, UNDER UNIVERSITY OF KERALA AFFILIATED AIDED COLLEGE)

മലയാള ഭാഷയുടെ പിതാവ് എഴുത്തച്ഛൻ ആണെങ്കിലും ആധുനിക കാലത്ത് ഭാഷയെ ശക്തിപ്പെടുത്തി മുന്നോട്ട് നയിച്ചത് എ ആർ രാജരാജവർമ്മ ആയിരുന്നു. സാഹിത്യം,വ്യാകരണം, സാഹിത്യ ശാസ്ത്രം, വൃത്ത ശാസ്ത്രം,നാടകം, വ്യത്യസ്ത കാല്പനിക കാവ്യങ്ങൾ, നിരൂപണം തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വം ആണ് എ ആർ. അദ്ദേഹത്തിൻ്റെ വ്യക്തി ജീവിതവും സമഗ്ര സംഭാവനകളും ഇന്നും എന്നും പ്രസക്തമാണ്. ഏതൊരു പഠനവും ആ പഠനത്തിൻ്റെ മൂലാധാരത്തിൻ്റെ ചരിത്രത്തെ സ്മരിക്കാതെ പൂർണ്ണമാവുകയില്ല. ആയതിനാൽ പത്തൊമ്പതാം ശതകത്തിൽ മലയാള സാഹിത്യലോകത്തിന് നവ ചൈതന്യം പകർന്ന എ.ആറിൻ്റെ വ്യക്തിത്വത്തെയും സമഗ്ര സംഭാവനക ളെയും കുറഞ്ഞൊന്നു വിശകലനം ചെയ്യാനാണ് ഈ ലഘു പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

### 1.1 **കുടുംബ പശ്ചാത്തലം**

എ.ആർ.രാജരാജവർമ്മയുടെ മൂലകുടുംബം ചങ്ങനാശ്ശേരി ലക്ഷ്മീപുരം കൊട്ടാരമാണ്. എ.ആറിന്റെറെ ജനനനത്തിന് മുൻപും അതിനുശേഷവും ആ വംശത്തിലേക്ക് കൂട്ടി ച്ചേർക്കലും വേർപിരിയലും ഉണ്ടായിട്ടുണ്ട്. തെക്കേ മലബാറിലെ പരപ്പൂർ സ്വരൂപക്കാർ 1766-ൽ ഹൈദരാലിയുടെ ആക്രമണത്തിൽ നിന്നു രക്ഷനേടാൻ തിരുവിതാംകൂറിലേക്ക് പലായനം ചെയ്തിരുന്നു.1 അവരിൽ ചിലർ ഇവിടെ സ്ഥിരതാമസമാക്കി. പില്ക്കാലത്ത് കോയിത്തമ്പുരാക്കന്മാർ എന്നറിയപ്പെട്ട ചങ്ങനാശ്ശേരി കുടുംബക്കാരുടെ ഉത്ഭവവും വളർച്ചയും ഇങ്ങനെയായിരുന്നു. ഈ കുടുംബത്തിൽപ്പെട്ട പ്രധാന കോയിത്തമ്പുരാക്ക ന്മാർ ശ്രീമൂലം തിരുനാൾ മഹാരാജാവിൻ്റെ പിതാവായിരുന്ന ഒരു രാജരാജവർമ്മ കോയി ത്തമ്പുരാൻ, ഉഷാകല്യാണം മുതലായ ഗ്രന്ഥങ്ങളുടെ കർത്താവും മഹാകവി ഉള്ളൂരിന്റെ ഗുരുവുമായിരുന്ന രവിവർമ്മ കോയിത്തമ്പുരാൻ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ എന്നിവരായിരുന്നു. ഇതിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ്റെ മാതാവ് അംബത്ത മ്പുരാട്ടിയുടെ മൂത്ത സഹോദരിയുടെ മൂന്നാമത്തെ പുത്രിയായ കുഞ്ഞിക്കാവ് തമ്പുരാട്ടി യാണ് എ.ആർ. രാജരാജവർമ്മയുടെ അമ്മ. പാറ്റ്യാൽ ഇല്ലത്ത് വാസുദേവൻ നമ്പൂതിരിയാണ് അച്ഛൻ. ഇവരുടെ ആദ്യസന്താനം മരണപ്പെട്ടതിനെത്തുടർന്ന് രണ്ട് വർഷ ങ്ങൾക്കകം പിറന്ന പുത്രനാണ് എ.ആർ രാജരാജവർമ്മ 1863 ഫെബ്രുവരി രണ്ടാം തീയ തിയാണ് (1011 കുംഭം

9) ഇദ്ദേഹത്തിൻ്റെ ജനനം.2 കൊവ 1046-ൽ കുടുംബാംഗങ്ങളോ ടൊപ്പം ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിലേക്ക് താമസംമാറ്റി.

### 1.2 വിദ്യാഭ്യാസവും സാഹിത്യജീവിതവും

ഭാഗിനേയന് ബാല്യത്തിൽ തന്നെ സംസ്കൃത വിദ്യാഭ്യാസം ലഭ്യമാക്കാൻ അമ്മമ്മാവനായ കേരളവർമ്മ ശ്രദ്ധിച്ചിരുന്നു. പന്ത്രണ്ടു വയസ്സുവരെ സംസ്കൃത പഠനം നടത്തുകയു വിവിധ സന്ദർഭങ്ങളിലായി ശാസ്ത്രം, ഇംഗ്ലീഷ്, ഗണിതം എന്നിവ അഭ്യ സിക്കുകയും ചെയ്തു. അതുപോലെ സാന്ദർഭികമായി മൗലിക രചനകളിൽ ഏർപ്പെടാ നുള്ള പ്രവണതയും അദ്ദേഹം പ്രകടിപ്പിച്ചുതുടങ്ങി. വിശാഖം തിരുനാളിന്റെ സിംഹാസ നാരോഹണത്തോടനുബന്ധിച്ച് "ശ്രീ വിശാഖമഹാരാജ സിംഹാസനാരോഹണാഭിനന്ദ നം", "ചിത്രനക്ഷത്രമാല" എന്നീ സംസ്കൃതകൃതികൾ രചിച്ച് മഹാരാജാവിന്റെ പ്രീതിയും അംഗീകാരവും നേടി. 3

മഹാരാജാസ് ഇംഗ്ലീഷ് സ്കൂളിൽ ഇംഗ്ലീഷ് പഠനവും രാജാവിന്റെ പുത്രനോ ടൊപ്പം കലാലയ വിദ്യാഭ്യാസവും നടത്തി. തമ്പുരാൻ്റെ ബഹുമുഖപ്രതിഭ കണ്ടറിഞ്ഞ് രാജാവ് എല്ലാവിധ സഹായവും നല്കി. മഹാരാജാവ് തുലാഭാരമാഘോഷിക്കാൻ തീരു മാനിച്ചപ്പോൾ 'തുലാഭാര പ്രബന്ധം' തയ്യാറാക്കി എ.ആർ. രാജാവിന് സമർപ്പിച്ചു. എഫ്.എ പരീക്ഷ പാസ്സായശേഷം ബി.എയ്ക്ക് രസതന്ത്രം ഐച്ഛികമായെടുത്തു പഠിച്ചു. ഈ സമയത്ത് തന്നെ സംസ്കൃത പഠനത്തിലും സാഹിത്യാസ്വാദനത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തുകയും ചെയ്തു. പൊതുകാര്യങ്ങളിലും മത്സരവേദികളിലും തൻ് പ്രവർത്തനമേഖല വ്യാപിപ്പിച്ചതോടെ, പഠനക്കാര്യത്തിൽ വീഴ്ച വന്നു. ഇംഗ്ലീഷിന് രണ്ടാം ക്ലാസ് വിജയവും രസതന്ത്രം വിജയിക്കാനാകാതെയും വന്നപ്പോൾ അദ്ദേഹം ഖിന്നനായി. തന്റെ പരീക്ഷാ പരാജയത്തെ പുരസ്ക്കരിച്ചും അദ്ദേഹം ഒരു കാവ്യമെഴുതി ഭംഗവിലാപം. ഇതേഘട്ടത്തിൽതന്നെയാണ് 'മേഘോപാലംഭ'വും.'4 'ഉദ്ദാല ചരിതം' എന്ന പാരിഭാഷാകൃതിയും രചിക്കുന്നത്.5

1889 - ൽ മാവേലിക്കര മൂത്ത തമ്പുരാൻ്റെ മകൾ മഹാപ്രഭ കൊച്ചുതമ്പുരാട്ടിയെ വേളികഴിച്ച് അദ്ദേഹം ഗൃഹസ്ഥാശ്രമിയായി.6വിവാഹാനന്തരം ബി.എ.പരീക്ഷ എഴുതി പാസാസവുകയും തുടർന്ന് എംഎ പഠിച്ച് വിജയിക്കുകയും ചെയ്തു. അതോടൊപ്പം മദ്രാസ്സ് യൂണിവേഴ സിറ്റിയുമായി ബന്ധപ്പെടുകയും കേരളത്തിൽ സംസ്കൃത പഠന ത്തിന്റെ പ്രോത്സാഹനത്തിനായി ഉത്സാഹിക്കുകയും ചെയ്തു. കേരളത്തിലെ സംസ്കൃത പാഠശാലയുടെ പരിശോധക സ്ഥാന ഏറ്റെടുക്കുയും ആവശ്യമായ പരിഷ്ക്കാരങ്ങൾവ രുത്തുകയും ചെയ്യു. 1888-ൽ വിടവിഭാവരി എന്ന ഭാവ പ്രധാനമായ ഖണ്ഡകാവ്യം
അദ്ദേഹം രചിച്ചു.7 1891 - ൽ അദ്ദേഹത്തിനൊരു പുത്രി പിറന്നു. 1894 - ൽ അദ്ദേഹത്തെ സംസ്കൃത പാഠശാലാ പ്രിൻസിപ്പൽ സ്ഥാനം തേടിയെത്തി.8 1893 - ൽ അദ്ദേഹത്തിൻ്റെ ഭാര്യ ഒരു ആൺകുഞ്ഞിന് ജന്മം നല്കി.'9

ബി.എ.തലത്തിൽ മലയാളം ഒരു വിഷയമാക്കുന്നതിനും ആയതിലേക്കുള്ള ഗ്രന്ഥങ്ങൾ നിർമ്മിക്കുന്നതിനും മുൻകൈ എടുത്തതും എ.ആർ.ആയിരുന്നു. വ്യാകരണ

ഗ്രന്ഥങ്ങളും നളചരിത വ്യാഖ്യാനവും ( കാന്താര താരകം) എല്ലാം അങ്ങനെ രൂപപ്പെട്ടവയാണ്. അപഗ്രഥനപര പ്രതിഭയും ഉദ്ഗ്രഥനപരമായ പ്രതിഭയും ഒരു പോലെ വിളങ്ങി നിന്ന വ്യക്തിത്വമാണ് എ. ആറിന്റേത്. അത് അദ്ദേഹത്തിൻ്റെ കൃതികൾ പരിശോധിക്കുമ്പോൾ വ്യക്തമാകും. ബഹു മുഖപ്രതിഭയായിരുന്ന അദ്ദേഹം സാഹിത്യത്തെ ശാസ്ത്രീയമായും ആസ്വാദനപരമായും നിരൂപണബുദ്ധിയോടെയും നോക്കിക്കണ്ടിരുന്നു എന്നതിന് അദ്ദേഹത്തിന്റെ രചനകൾ ദൃഷ്ടാന്തങ്ങളാണ്. അവയെ നമുക്ക് ഇനം തിരിച്ച് പരിശോധിക്കാൻ സാധിക്കും..

പ്രധാനമായും അദ്ദേഹത്തിൻ്റെ രചനകളെ രണ്ട് തരത്തിൽ വേർതിരിക്കാൻ കഴിയും. . 1. സംസ്കൃതകൃതികൾ, 2. ഭഷാകൃതികൾ. എന്നിങ്ങനെയാണ് അവ. ഇരുപതിലധികം സംസ്കൃത കൃതികൾ എ.ആ റിന്റേതായി രചിക്കപ്പെട്ടിട്ടുണ്ട്. രണ്ടാമത്തെ വിഭാഗത്തിൽ എണ്ണിപ്പറയാമെങ്കിലും ലേഖനങ്ങളും അവതാരികകളു മുൾപ്പെടെ അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ നിരവധിയാ ണ്. ഭാഷാകൃതികളുടെ കൂട്ടത്തിൽ, കാവ്യങ്ങളും പരിഭാഷകളും വ്യാഖ്യാനങ്ങളും സാഹിത്യശാസ്ത്ര - വ്യാകരണ ഗ്രന്ഥങ്ങളും എല്ലാം ഉൾപ്പെടുന്നുണ്ട്. ആദ്യമായി അദ്ദേഹത്തിന്റെ മൗലിക സംസ്കൃത രചനകൾ ഏതെല്ലാമെന്നും പ്രത്യേകത എന്തെന്നും പരിശോധിക്കാം.

1.2.1 സംസ്കൃത കൃതികൾ

1. ഗണപത്യഷ്ടകം (1877)

2. രുഗ്മിണീഹരണം ചമ്പു (1878)

3. ചിത്രശ്ലോകാ :-3 പദ്യം.

4. ചിത്ര നക്ഷത്രമാലാ (1880) 27 പദ്യം

5. ദേവീമംഗളം (1880) 15 പദ്യ

6. വീണാഷ്ടകം (1887)

7. പഞ്ചാശത് പൂർത്തി പഞ്ചാശിക (1887)

8. കാദംബരീ സംഗ്രഹം (1888)

9. ഗൈർവാണീവിജയം (ഏകാങ്കനാടകം)

10. വിടവിഭാവരി (1888)

11. ഭംഗവിലാപം (1888)

12. ശ്രീവിശാഖ മഹാരാജ സിംഹാസനാരോഹണാഭിനന്ദനം (1880)63

13. രാജോപനീതൃഷ്ടകം

14. ദേവിദണ്ഡകം (1888)

15. രാഗമുദ്രാസപ്തകം (1889) 7 പദ്യം

16. ഉദ്ദാലചരിതം (ഗദ്യം)

17. സാഹിത്യ കുതൂഹലം (സമാഹാരം)

18. മേഘോപാലംഭം (1889)

19. സരസ്വതീസ്തവം (1890) 12 പദ്യം

20. ഹിന്ദു ശബ്ദവ്യുല്പത്തിഃ (1891) 15 പദ്യം

21. അഷ്ടബന്ധാഷ്ടബന്ധം

22. വിമാനാഷ്ടകം (1891)

23. പിതൃപ്രലാപ : (1892)

24. ഋഗ്വേദകാരികാ

25. ശ്രീ പത്മനാഭ പഞ്ചകം (1897)

26. ശ്രീ വിശാഖ തുലാഭാര പ്രബന്ധം

27. ആംഗലസാമ്രാജ്യം (1901)

ഇക്കൂട്ടത്തിൽ ശ്രദ്ധേയമായതും പ്രാധാന്യമുള്ളതുമായ സംസ്കൃത രചനകൾ ഉൾപ്പെട്ടിട്ടുണ്ട്. അവയെക്കുറിച്ച് ഒരു സാമാന്യാവലോകനം നടത്താം. ആദ്യത്തെ കൃതി യായി കാണിച്ചിരിക്കുന്ന ഗണപത്യഷ്ടകം ഒരു മത്സരഫലമാണ് . ഗണപതി എന്ന ദേവനെ സംബന്ധിക്കുന്ന പൗരാണിക പരാമർശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്ന കൃതിയാ ണെങ്കിലും ഗണേശൻ്റെ ചലനങ്ങൾക്കനുസരിച്ച് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നതായും സൃഷ്ടിസ്ഥിതികളെപ്പറ്റിയുള്ള ആദ്യശ്ലോക പരാമർശവും ശ്രദ്ധേയമാണ്. തദ്വിഷയക മായി കോയിത്തമ്പുരാൻ രചിച്ച അഷ്ടകത്തോട് സമാനമാണിതെന്ന് മാവേലിക്കര മൂത്ത കോയിത്തമ്പുരാൻ അഭിപ്രായപ്പെട്ടതായി എ.ആറിൻ്റെ മക്കൾ രചിച്ച ജീവചരിത്ര കൃതി യിൽ പറയുന്നു.10 പതിനാലു വയസ്സിലാണ് അദ്ദേഹം ഈ കൃതി രചിച്ചത്

പതിനഞ്ചാം വയസ്സിൽ 'രുഗ്മിണീഹരണം' എന്ന പേരിൽ ഒരു ചമ്പു കാവ്യവും ചമയ്ക്കുകയുണ്ടായി. അതുപോലെ രാജസ്തുതിയും സംസ്കൃതത്തിൽ രചിച്ച പശ്ചാത്തലം മുൻപ് സൂചിപ്പിച്ചിരുന്നു. അഞ്ചുകൊല്ലം നീണ്ട തടങ്കലിൽ നിന്നു കേരളവർമ്മയെ മോചിപ്പിക്കാൻ നടപടിയെടുത്ത വിശാഖം തിരുനാളിനോടുള്ള സ്നേഹബഹുമാനങ്ങളാണ് ഗാംഭീര്യവും അർത്ഥ പുഷ്ടിയും പണ്ഡിതോചിതവുമായ "ചിത്രനക്ഷത്രമാലാ എന്ന അറുപത്തേഴ് ശ്ലോകങ്ങളുൾക്കൊള്ളുന്ന കൃതി രചിക്കാനിടയാക്കിയത്. ഇതിൽ ആദ്യത്തെ - ശ്ലോകങ്ങൾ വർഗ്ഗാക്ഷരങ്ങളായ കചടതപ ഒഴിവാക്കിക്കൊണ്ടും ആറാം ശ്ലോകത്തിൽ വർഗ്ഗാക്ഷരങ്ങൾ പാടേ ഉപേക്ഷിച്ചും പലതരത്തിലുള്ള വൈചിത്ര്യങ്ങളും വ്യത്യസ്ഥതകളും പുലർത്തിയാണ് അദ്ദേഹം ഈ ശ്ലോകമാല രചിച്ചിരിക്കുന്നത്. ശ്രീമൂലം തിരുനാളിനുള്ള അപേക്ഷയായിട്ടൊരു ശ്ലോകവും മലയാളിത്തവും സംസ്കൃത സവും ഒരേപോലെ പ്രകടമാകുന്ന ശ്ലോകവും ഉൾപ്പെടുത്തി കൊച്ചപ്പൻ, മാതുലൻ മുഖേന സമർപ്പിച്ച കൃതിയാണിത്. പന്തളം രാജാവിന്റെ അഭ്യർത്ഥനപ്രകാരം 'ഹരി' ശബ്ദത്തിന്റെ പതിനാല് അർത്ഥങ്ങൾ ക്രോഡീകരിച്ച് രചിച്ച കൃതിയാണ് 'മൂന്ന് ചിത്ര ശ്ലോകങ്ങൾ'11 ദേവീമംഗളം, ദേവീദണ്ഡകം. രാഗമുദ്രാസപ്തകം, സരസ്വതീസ്തവം, അഷ്ടാബന്ധാഷ്ബന്ധം, ശ്രീ പത്മനാഭപഞ്ചകം തുടങ്ങിയവ ആരാധനയ്ക്കും മറ്റു മായി തയ്യാറാക്കിയ ഈശ്വരസ്തുതികളായിരുന്നു. ഇവയിലും സംസ്കൃതപാണ്ഡിത്യം അദ്ദേഹം പ്രകടമാക്കിയിരുന്നു.

വീണയിൽ പഠനം നടത്തിയിരുന്ന കവി തൻ്റെ ദ്രുതകവന പാടവം സുഹൃത്തുക്കൾക്ക് കാട്ടിക്കൊടുക്കാനായി രചിച്ചതാണ് 'വീണാഷ്ടകം'12 ഏറെയും ശൃംഗാര രസ പ്രധാനമായ ശ്ലോകങ്ങളാണ് ഇതിലുള്ളത്. അതുപോലെ സൂര്യഗ്രഹണം കാണാൻ കാത്തിരുന്ന് ആശാഭംഗം സംഭവിച്ചതിനെത്തുടർന്നാണ് 1889-ൽ മേഘോപാലംഭ: എന്ന കൃതി രചിക്കുന്നത്. മദ്രാസിൽ വെച്ച് കണ്ട വിചിത്രമായ ഒരു കാഴ്ചയാണ് വിമാനാ ഷ്ടകം (1891) രചിക്കാൻ പ്രേരകമായത്. ബലൂൺ ഉപയോഗിച്ച് ഒരാൾ ആകാശ സഞ്ചാരം നടത്തുന്നതാണ് എ.ആർ.കാണാനിടയായത്. നിത്യജീവിതത്തിലെ യാദൃശ്ചിക സംഭവങ്ങളും കാഴ്ചകളും പോലും മഷിയുണങ്ങാത്ത അദ്ദേഹത്തിൻ്റെ മനീഷയയ്ക്ക് എന്നും പ്രചോദനമായിരുന്നു.

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ്റെ നിർദ്ദേശക പ്രകാരം 'വിക്ടോറിയാവിംശതി' എഴുതിയ തമ്പുരാൻ റാണിയെക്കുറച്ച് സുവർണ്ണ ജൂബിലിയാഘോഷവേളയിൽത്തന്നെ വിക്ടോറിയാ പ്രശസ്തി' കൂടിയെഴുതി, "പഞ്ചാശത് പൂർത്തിപഞ്ചാശിക" എന്ന പേരിൽ പ്രസിദ്ധീകരിച്ചു.13 ബാണഭട്ടൻ്റെ കാദംബരിയുടെ സംഗ്രഹം തന്നെയാണ് എ.ആർ തയ്യാറാക്കിയിരിക്കുന്ന' കാദംബരി സംഗ്രഹം'. കാദംബരീകഥയെ തനതായ കാഴ്ചപ്പാടിൽ നോക്കക്കണ്ടതിന്റെ ഫലമാകാം ഈ സംസ്കൃതകൃതി. എ.ആർ. അരമ ണിക്കൂറിനകം എഴുതിതയ്യാറാക്കിയതെന്നു കരുതപ്പെടുന്ന കൃതിയാണ് രാജോപനിത്യ ഷ്ടകം (1887) അശ്വതിതിരുനാൾ മാർത്താണ്ഡവർമ്മ കൊച്ചു തമ്പുരാൻ തിരുമനസ്സിന്റെ തിരുനാളുത്സവം പ്രമാണിച്ച് ബന്ധുജനങ്ങളുടെ അഭ്യർത്ഥനപ്രകാരം രചിച്ചതാണിത്.

ഒരു സാധാരണ വിദ്യാർത്ഥി പരീക്ഷാ പരാജയത്തിൽ വേദനിക്കാറുണ്ട്. എന്നാൽ ആ വികാര വിചാരങ്ങളെ മനോഹര സംസ്കൃത പദങ്ങളാൽ കോർത്ത കവിതയാക്കാൻ എ.ആറിനല്ലാതെ മറ്റാർക്കുമാകില്ല. അതിനുദാഹരമമാണ് 'ഭംഗവിലാപം'. അതിന്റെപശ്ചാത്തലത്തെപ്പറ്റി ജീവചരിത്ര സൂചനകളിൽ കാണുന്നുണ്ട്. നക്ഷത്രമാലാരൂപത്തിലുള ഇരുപത്തേഴു ശ്ലോകങ്ങളുൾക്കൊള്ളുന്ന കാവ്യമാണിത്. സംസ്കൃത കൃതിയാണെങ്കിലും കേരളത്തിന്റെ കാവ്യാഭിരുചിയുടെ പരിണാമത്തിന് ഈ കൃതി ഇടവരുത്തിയിട്ടുണ്ട്. ഭാവാത്മകതയോട് കൂറുപുലർത്തന്ന ഈ കവിത അന്തർമുഖനും വികാരവാനുമായ ഒരു കവിത്രയെ നമുക്ക് കാട്ടിത്തരുന്നു. മലയാളത്തിൽ നല്ല വിലാപകാവ്യങ്ങൾ ഉണ്ടാകുന്നതിന്റെ മുന്നോടിയായി ഈ സംസ്കൃതിയെ കണക്കാക്കാൻ കഴിയും.

എ.ആറിന്റെ രണ്ട് പെൺമക്കളിൽ രണ്ടാമത്തെ കുഞ്ഞ് ജനിച്ച് ഏതാനും ദിവസ ത്തിനുള്ളിൽ മരണപ്പെടുകയുണ്ടായി അതിൽ ഹൃദയം നൊന്ത് വിലപിക്കുന്നതിനും എ ആർ സംസ്കൃത ഭാഷയെത്തന്നെ ശരണം പ്രാപിച്ചു. മാതാവും പിതാവും വിലപിക്കുന്ന തായി ചിത്രീകരിച്ചിരിക്കുന്ന ഈ കാവ്യം 1892 -ലാണ് രചിക്കപ്പെട്ടത്. 'പിതൃപ്രലാപ' മെന്ന ഈ കാവ്യത്തിൽ പന്ത്രണ്ടു ശ്ലോകങ്ങൾ പിതാവിൻ്റെ വിലാപമായും പത്തെണ്ണം മാതാവിന്റെ വിലാപമായും രണ്ടുപേരും ഒരുമിച്ച് ഒരു ശ്ലോകത്തിലൂടെയും വിലപിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. അർത്ഥ പൂർണ്ണവും ചിന്താബന്ധുരവുമായ രചനയാണ് ഈ കൃതി.

ഒരു രാത്രി കൊണ്ട് നടക്കുന്ന സംഭവങ്ങളെ ചിത്രീകരിക്കുന്ന 'വിടവിഭാവരി' എന്ന കൃതി എ.ആർ. രചിക്കുന്നത് ഇരുപത്തഞ്ചാം വയസ്സിലാണ്. 152 പദ്യങ്ങളാണ് ഇതി ലുള്ള കാവ്യത്തെ നാല് യാമങ്ങളായും തിരിച്ചിരിക്കുന്നത് ഔചിത്യപൂർണ്ണമായിരിക്കു ന്നു. സംസ്കൃത വൃത്തങ്ങൾ പലതും ഇടകലർത്തി ഉപയോഗിക്കുന്ന്. അതിനാൽ അദ്ദേ ഹത്തിന്റെ സംസ്കൃത കൃതികളിൽ കാളിദാസ മഹാകവിയുടെ കവിതശക്തിയുടെ അംശങ്ങൾ കണ്ടെത്താൻ കഴിയും. 1900 വരെയുള്ള ബ്രിട്ടീഷ് ആധിപത്യത്തിലമർന്ന ഇന്ത്യയുടെ സാമാന്യ ചിത്രവും വിക്ടോറിയ രാജ്ഞിയുടെയും ബ്രിട്ടന്റെയും അവത രണവും നടത്തുന്ന ഈ കാവ്യം സംസ്കൃതമറിയാവുന്നവരെല്ലാം വായിച്ചാസ്വദിക്കാൻ ആഗ്രഹിച്ചുപോകും. പ്രരോദനത്തിൻ്റെ മുഖവുരയിൽ കുമാരനാശാൻ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. "കാളിദാസശൈലിയിൽ ഒരു സംസ്കൃത മഹാകാവ്യം കാണുന്നതിന് ആ കവി സാർവ്വഭൗമൻ്റെ കാലശേഷം ഇത്രയും ശതാബ് ദങ്ങൾ ലോകം കാത്തിരിക്കേ ണ്ടിവന്നു എന്നുള്ള വസ്തുത നിമത്സരന്മാരായ സഹൃദയന്മാർ മുക്തകണ്ഠം സമ്മതിക്കു മെന്നാണ് എന്റെ വിശ്വാസം"14

'ഗൈർവാണീ വിജയം' എന്ന ഒരു സംസ്കൃത ഏകാങ്കനാടകവും അദ്ദേഹം രചി ച്ചിട്ടുണ്ട്. 1914-ൽ പുന്നശ്ശേരിനമ്പിയുടെ അഭ്യർത്ഥന പ്രകാരം എഴുതിയ താണീകാവ്യം. ഷേക്സ് പിയർ കൃതിയെ പോലും സംസ്കൃതവത്ക്കരിച്ച് ഭാരതീയമാക്കാൻ എ.ആർ മടി ച്ചില്ലെന്നതിനുദാഹാരണമാണ് ഒഥല്ലോയുടെ ഗദ്യാഖ്യാനത്തെ ആസ്പദമാക്കി രചിച്ച 'ഉദ്ദാലചരിതം'. ഇദ്ദേഹത്തിന്റെ പ്രധാന സംസ്കൃതകൃതികൾ സമാഹരിച്ച് "സാഹിത്യ കുതൂഹലം" എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ബാല്യത്തിൽ തന്നെ അഗാധമായ6 സംസ്കൃതപാണ്ഡിത്യം മനടാൻ സാധിച്ച എ.ആർ.തിരുമേനി തന്റെ സ്വതസിദ്ധമായ

കവി പാടവത്തിന് ആദ്യം മാധ്യമമാക്കിയത് സംസ്കൃതത്തെയാണ്. ആ അടിത്തറയാണ് പിൽക്കാലത്ത് മറ്റ് ഭാഷകൾ പഠിക്കാനും മാതൃഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കാനും അദ്ദേഹത്തെ പ്രാപ്തനാക്കിയത്.

1.2.2 **ഭാഷാകൃതികളുടെ രചനയിലേക്ക്**

സംസ്കൃത കാവ്യരചനയിൽ പണ്ഡിതോചിതമായ പ്രാഗത്ഭ്യം തെളിയിച്ച എ. ആറിന് ഭാഷാകവിത രചിക്കാൻ ആദ്യമാദ്യം അത്ര എളുപ്പമായിരുന്നില്ല. സ്വന്തമായി ചില ശ്ലോകങ്ങൾ വിവർത്തനം ചെയ്ത് ശീലിച്ചാണ് അദ്ദേഹം ആ കഴിവ് വളർത്തിയത്. ആദ്യത്തെ മലയാള രചന ഭർത്തൃഹരിയുടെ ഒരു സംസ്കൃത പദ്യത്തിന്റെ പരിഭാഷ യാണ് . 1891-ൽ ഇത് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ചു.15 എന്നാൽ ഇതിൽ സംസ്കൃതത്തിന്റെ അതി പ്രസരവും പരത്തി പറയലും കൃത്രിമത്വവും ഉള്ളതായി പലർക്കും അഭിപ്രായമുണ്ട്. തുടർന്ന് വീണ്ടും സംസ്കൃത രചനകളിലേക്ക് തിരിഞ്ഞെ ങ്കിലും തന്റെ പരിശ്രമം ഉപേക്ഷിക്കാൻ എ.ആർ. കൂട്ടാക്കിയില്ല.

അന്ന് നല്ല ഭാഷാകൃതികൾ മാതൃകകളായി എ.ആറിന് മുൻപിൽഉണ്ടായിരുന്നില്ല. - കൊടുങ്ങല്ലൂർ കളരിയുടെയും പച്ച മലയാള പ്രസ്ഥാനത്തിൻ്റെയും ആവിർഭാവം ഭാഷ യുടെ തനിമ നിലനിറുത്തുന്നതിനെപ്പറ്റി ചിലർക്കെങ്കിലും ചിന്തിക്കാൻ അവസരം നല്കി. തുടർന്ന് സംസ്കൃത കൃതികൾ നല്ല മലയാളത്തിൽ വിവർത്തനം ചെയ്യാനുള്ള ശ്രമം എ ആർ,ആരംഭിച്ചു തുടർന്ന് ഏതാനും മൗലിക രചനകളും നടത്തി, കൂടാതെ സാഹിത്യ ശാസ്ത്ര വ്യാകരണ ഗ്രന്ഥങ്ങൾ കൂടി രചിച്ച് മലയാളഭാഷയെയും കേരള സമൂഹ ത്തെയും അനുഗ്രഹിക്കുകയും ചെയ്തു. അദ്ദേഹത്തിൻ്റെ പ്രധാന ഭാഷാകൃതികളെപ്പറ്റി സാമാന്യമായൊന്നു പരിശോധിക്കാം.

2.2.3 **ഭാഷാകൃതികൾ** in

1. ഭാഷാകാവ്യങ്ങൾ

1) മലയവിലാസം (1895)

2) പ്രസാദമാല (1913)

II. വിവർത്തനങ്ങൾ

1) മേഘദൂത് (1894)

2) ഭാഷാകുമാരസംഭവം (1895)

3) മലയാള ശാകുന്തളം (നാടകം)

1912

4) മാളവികാഗ്നി മിത്രം (നാടകം)

1916

5) ചാരുദത്തൻ (നാടകം)

1917
67

a) സ്വപ്നവാസവദത്തം (നാടകം) 10 18

III. സാഹിത്യശാസ്ത്ര - വ്യാകരണഗ്രന്ഥങ്ങൾ

1 волакиранти,

2. കേരളപാണിനീയം,

3. വൃത്തമഞ്ജരി

* പ്രഥമവ്യാകരണം - മധ്യമ വ്യാകരണം (ലഘുപാണിനീയം, മണിദീപിക സംസ്കൃതം), സാഹിത്യ സാഹ്യം തുടങ്ങിയവ. ഇതുകൂടാതെ ലേഖനങ്ങളും അവതാ രികകളും ഭാഷാകൃതികളിൽ ഉൾപ്പെടുന്നു. അവയിൽ, നളിനിയുടെ അവതാരിക, മയൂര സന്ദേശത്തിൻ്റെ അവതാരിക എന്നിവ ശ്രദ്ധേയങ്ങളാണ്.

### 1.2.4 **വിവർത്തനത്തിൽ നിന്ന് തുടക്കം**

ഭാഷാ സാഹിത്യരംഗത്ത് എ.ആർ. നല്കിയ വിലപ്പെട്ട സംഭാവനകളിൽ ഒന്ന് വിവർത്തനങ്ങളാണല്ലോ, ആദ്യമായി മേഘദൂത് പരിശോഷയെടുക്കാം. *കേരള പാണിനീയ നിർമ്മാണം, ജ്യോതിഷ പ്രബന്ധ രചന, സംസ്കൃത പാഠശാലാ പരിഷ്ക്കരണം എന്നീ ജോലികളുടെ കൂട്ടത്തിൽ 1069 ചിങ്ങം മുതൽ വൃശ്ചികം വരെയുള്ള ചുരുങ്ങിയ കാലത്തിനിടയ്ക്ക് തന്നെ മേഘസന്ദേശത്തിൻ്റെ ഭാഷാന്തരീകരണം നടന്നു*16 എന്ന് ജീവചരിത്ര കൃതിയിൽ രേഖപ്പെടുത്തിക്കാണുന്നു.

മേഘസന്ദേശ തർജ്ജമയിൽ പ്രാസദീക്ഷ ധൈര്യപൂർവ്വം ഉപേക്ഷിച്ചുകൊണ്ടാണ് രചന നിർവ്വഹിക്കുന്നത്. കവി തന്നെ പറയുന്നത് നോക്കുക. "ഇക്കാവ്യത്തിൽ ദ്വിതീയാ ക്ഷര പ്രാസം ചെയ്യാത്തതിന് എനിക്ക് സ്വഭാവേന അതിൻ്റെ നേരേയുള്ള ഉദാസീന ബുദ്ധി മാത്രമല്ല' തർജ്ജമകളിൽ ഇത് ഒട്ടും ആവശ്യകമല്ലെന്നുള്ള വിചാരവും കാരണ മാകുന്നു. കാവ്യസാമാന്യധർമ്മമായ വൃത്ത്യനുപ്രാസം മിക്ക ദിക്കുകളിലും ചെയ്തിട്ടുള്ള തിനാൽ പ്രാസഭംഗിയേ ഇക്കവിതയ്ക്കില്ലെന്ന് ഒരിക്കലും വരുന്നതല്ല."17 എന്നും അദ്ദേഹം പ്രസ്താവിച്ചു കാണുന്നു. പച്ച മലയാള പ്രസ്ഥാനത്തിൻ്റെ സ്വാധീനത കുറ ച്ചൊക്കെ പ്രസ്തുത കൃതിയിൽ വന്നിട്ടുണ്ട്. ഉദാഹരണമായി ഒരു പദ്യം ഉദ്ധരിക്കാം.

“ഒന്നായ്ച്ചേർന്നൊരു രത്നരാശി ചിതറും കാന്തിക്കതിർക്കറ്റുപോൽ പറ്റും പുറ്റിലൊരറ്റമോടു വിലസു- ന്നുണ്ടണ്ടർകോൻ വില്ലിതാ മയ്യൊക്കും ഭവദീയമെയ്യതിലിതും ചേലോടുടൻ ചേർന്നിടും
കണ്ണൻ തൻ തിരുമേനിമേൽ വിലസുമ
കേടറ്റ നൽ പിലിപോൽ”18. ഈ പദ്യത്തിൽ 'ഭവദീയം ' എന്ന പ്രയോഗമൊഴികെ എല്ലാം മലയാളത്തനിമ പുലർത്തുന്നു. 'ഭവദീയം' പോലും മലയാളവത്ക്കരിക്ക പ്പെട്ടതായനുഭവപ്പെടുന്നു. ഭാഷയിൽ ഉണ്ടായ ഒരു സ്വതന്ത്ര പര്യമായിത്തോന്നാവുന്ന ശ്ലോകമാണിത്. ഇതിൽ നിന്നും വളരെ ഭംഗിയായും ഒഴുക്കോടെയും ഭാഷാ കവിത രചി ക്കാൻ എ.ആർ പ്രാപ്തനായിക്കഴിഞ്ഞു. എന്നു നമുക്ക് മനസ്സിലാക്കാം. ഈ കൃതിയുടെ രചനയുമായി ബന്ധപ്പെട്ട് ചിന്തിക്കുമ്പോൾ മലയാള സാഹിത്യ രംഗത്തിന് പുത്തനു ണർവു നല്കിയ പിടിച്ചു കുലുക്കിയ - പ്രാസ വാദത്തെക്കുറച്ച് പറയാതെ പോകുവാനാകില്ല.

### 1.2.5 **പ്രാസസംബന്ധമായ വാദപ്രതിവാദങ്ങൾ - പശ്ചാത്തലം**

മലയാള കവിത വഴിമുട്ടി നിന്ന പശ്ചാത്തലത്തിൽ മലയാളമനോരമ' നവാഗത കവികളെ സ്വാഗതം ചെയ്യുകയും അവരുടെ രചനകൾ പ്രസിദ്ധീകരിക്കാൻ തയ്യാറാവു കയും ചെയ്തു. എന്നാൽ പ്രാസദീക്ഷകൂടാത്ത കവിതകളൊന്നും അംഗീകരിച്ചിരുന്നില്ല. മനോരമയിൽത്തന്നെ വന്ന കൃത്യകൃത്തിൻറെയും കൃത്യവിത്തിൻ്റേയും ലേഖനങ്ങൾ ഒരു പുനഃശ്ചിന്തനത്തിന് ചിലരെയെങ്കിലും പ്രേരിപ്പിച്ചു.19

കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, നടവത്തച്ഛൻ നമ്പൂതിരി തുടങ്ങി കുറേപ്പേർ ദ്വിതീയാക്ഷര പ്രാസം വേണമെന്നും രാജരാജവർമ്മ, പുന്നശ്ശേരി, അന്തപ്പായി എന്നിവർ എതിർ പക്ഷത്തും നിന്നും വാദിച്ചു. വാദപ്രതിവാദ ങ്ങൾ ഇരുപക്ഷത്തു നിന്നും പത്രമാസികകളിലൂടെ ലേഖനങ്ങളായും മറ്റു പ്രവഹിച്ചു.

1908 മുതൽക്കാണ് പ്രാസവാദം കുറേക്കൂടി ശക്തി പ്രാപിച്ചത്. അത് സാഹിത്യ രംഗത്തും ചലനങ്ങളുണ്ടാക്കി തിരുവനന്തപുരത്തെ മലയാള സമാജയോഗത്തിൽ, കെ. സി.കേശവപിള്ള അവതരിപ്പിച്ച 'ഭാഷാകവിത' എന്ന പ്രബന്ധമാണ് ഇതിന് നിമിത്തമാ യത്. യോഗത്തിന്റെ അദ്ധ്യക്ഷൻ കേരളവർമ്മയായിരുന്നു. ഭാഷാപോഷിണിയിലും മറ്റും എ.ആറും തന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതിനെത്തുടർന്ന് പലരും പ്രാസത്തെ അനുകൂലിച്ചും പ്രതികൂലിച്ചും കാവ്യങ്ങൾ രചിക്കുകയും ചെയ്തു. ദ്വിതീയാ ക്ഷര പ്രാസം ഉപേക്ഷിച്ചു കൊണ്ട് മേഘ സന്ദേശ പരിഭാഷ എ.ആർ.രചിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. അർത്ഥത്തിനും ശബ്ദത്തിനും ഒരുപോലെ പ്രാധാന്യമുണ്ടെന്ന വസ്തുത ഇത്രയും കൊണ്ട് അന്നത്തെ മലയാള കാവ്യരചയിതാക്കൾക്കെല്ലാം മനസ്സിലാ ക്കാനായി. മയൂര സന്ദേശ പ്രശംസ, രാമചന്ദ്രവിലാസം അവതാരിക എന്നിവ അതിനോ ടടുത്ത് എഴുതപ്പെട്ടവയാണ്.

### 2.2.6 **മലയാള ശാകുന്തളം, ഭാഷാകുമാരസംഭവം,മാളവികാഗ്നിമിത്രം**

മലയാളത്തനിമ കാത്തുസൂക്ഷിച്ചുകൊണ്ടാണ് എ.ആർ. മേഘദൂത് വിവർത്തനം ചെയ്തത് മലയാളത്തിന്റെ ആധുനീകരണത്തിൽ സംസ്കൃത പദങ്ങൾക്കും പ്രയോഗ ങ്ങൾക്കും ഉള്ള പ്രാചുര്യം കണക്കിലെടുത്ത് തൊട്ടടുത്ത വർഷം കുമാരസംഭവത്തിന്റെ വിവർത്തനവും തയ്യാറാക്കി. 1895-ൽ കുമാരസംഭവ തർജ്ജമ പൂർത്തിയായി. 1897-ൽ പ്രസിദ്ധീകരിച്ചു. 'രതിവിലാപം' എന്ന നാലാംസർഗ്ഗം ഒഴിവാക്കി ഏഴ് സർഗ്ഗങ്ങൾ മാത്രമാണ് വിവർത്തനത്തിന് അദ്ദേഹം സ്വീകരിച്ചത്. 1888-മുതൽക്കേ അദ്ദേഹം സംസ്കൃത നാടകങ്ങൾ വിവർത്തനം ചെയ്യാൻ ആരംഭിച്ചിരുന്നു. ആദ്യമായി ഉണ്ടായ കാളിദാസനാടക വിവർത്തനം കേരളവർമ്മയുടെ ശാകുന്തള പരിഭാഷയാണെങ്കിലും അതിൽ മണിപ്ര വാള സ്വഭാവമേറിയതിനാൽ ദുർഗ്രഹമായിരുന്നു. ആ അവസരത്തിലാണ് എ.ആർ.മല യാള ശാകുന്തളം' രചിക്കുന്നത്. കെട്ടിലും മട്ടിലും ഭാവഗൗരവത്തിലും ലാളിത്യത്തിലും ഒരു പോലെ ശോഭിക്കുന്ന രചനാശൈലി അദ്ദേഹം സ്വീകരിച്ചിരുന്നു. സംസ്ക - മല യാള പ്രാധാന്യങ്ങൾ കണ്ടറിഞ്ഞ് തന്നെയാണ് മാളവികാഗ്നിമിത്രവും തർജ്ജമ ചെയ്തി രിക്കുന്നു.

### 2.2.7 **രണ്ട് ഭാസ നാടകങ്ങൾ**

അടുത്തതായി അദ്ദേഹം വിവർത്തനത്തിന് സ്വീകരിച്ചത് ഭാസൻ്റെ കൃതികളായ ചാരുദത്തം, സ്വപ്നവാസവദത്തം എന്നിവയെയാണ്. ഇവയുടെ പ്രത്യേകതകൾ കൂടി സൂചിപ്പിച്ചശേഷം സ്വതന്ത്രകൃതികളെകുറിച്ചുള്ള അവലോകനത്തിലേക്ക് കടക്കാം.

#### 2.2.7.1 **സ്വപ്നവാസവദത്തവും ചാരുദത്തനും**

മധ്യവേനലവധിക്കാലത്ത് അഭിനയിക്കുന്നതിനു വേണ്ടിയാണ് 1918 - ൽ എ.ആർ. 'സ്വപ്നവാസവദത്തം' നാടകം തർജ്ജമ ചെയ്യുന്നത്20. സ്വന്തം പുത്രി കൂടി പരിഭാഷ പ്രക്രിയയിൽ എ.ആറിനെ ചിലഘട്ടങ്ങളിൽ സഹായിച്ചിരുന്നു. പിന്നീട് ആവശ്യമായ തിരുത്തലുകൾ വരുത്തി 1093 ഇടവത്തിൽ (1918-ൽതന്നെ) കലാവിലാസം സമിതിക്കാരുടെ നേതൃത്വത്തിൽ ആ നാടകത്തിൻ്റെ രംഗാവിഷ്ക്കാരവും നടന്നു. നമ്മുടെ മലയാള നാടക സാഹിത്യ ചരിത്രം പറഞ്ഞു തുടങ്ങുമ്പോൾ എ.ആറിൻ്റെ മലയാളശാകുന്തളവും ഭാസനാടക തർജ്ജമകളും ഏറെ പ്രാധാന്യവും ശ്രദ്ധയവും അർഹിക്കുന്നവയാണെന്ന് കാണാം.

സ്വപ്നവാസവദത്തത്തിനു മുൻപേ രചിക്കപ്പെട്ട 'ചാരുദത്തൻ' ഏറെ സവിശേഷതകളുൾക്കൊള്ളുന്ന വിവർത്തിത കൃതിയാണെങ്കിലും എന്തുകൊണ്ടോ പില്ക്കാലത്ത് വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയി. ഈ കൃതിയുടെ നാന്ദീ ശ്ലോകം എ.ആർ. ഉള്ളൂർ പരമേശ്വരയ്യർക്ക് വായിച്ചാസ്വദിക്കാൻ നല്കിയിരുന്നതായി ചിലർ അഭിപ്രായപ്പെടുന്നു. കലാവിലാസം സമിതിക്കാരുടെ നിർബന്ധം കൊണ്ടുതന്നെയാണ്. എ.ആർ ചാരുദ ത്തവും രചിക്കുന്നത്. സങ്കീർണ്ണമായ സംഭവ വികാസങ്ങളും രസകരമായ സന്ദർഭങ്ങളും കോർത്തിണക്കിയ രൂപകത്തെ മലയാളികൾക്ക് രുചിക്കും വിധം ഒരു നാടകമാക്കി മാറ്റാൻ ചില തടസ്സങ്ങൾ അദ്ദേഹത്തനനുഭവപ്പെട്ടു. അവയെല്ലാം പരിഹരിച്ചുകൊണ്ട് 1916-ൽ (1092 വൃശ്ചികം) കേരള പാണിനീയത്തിൻ്റെ പരിഷ്കരണത്തെ തുടർന്ന് "ചാരുദ ആൻ' വിവർത്തനവും അദ്ദേഹം പൂർത്തിയാക്കി

ശൂദ്രകന്റെ 'മൃച്ഛകടിക'ത്തെയും ഭാസൻ്റെ 'ചാരുദത്ത'ത്തെയും അദ്ദേഹം സംയോജിപ്പിച്ചു. മുത്തുകൊണ്ടുള്ള (മണ്ണ് കൊണ്ടുള്ള) ശകട (വണ്ടിയുടെ)ത്തിന്റെ കഥ യാണെങ്കിലും പ്രണയത്തെയും രാജ്യസംഭവവികാസങ്ങളെയും ഇണക്കിച്ചേർത്ത് ആവി ഷ്ക്കരിച്ചിട്ടുള്ള കൃതിയാണിത്. മൂലകൃതിയിൽ നിന്നു വ്യത്യസ്തമായി സംക്ഷേപിക്കേ ണ്ടിടത്ത് സംക്ഷേപിച്ചും വിശദീകരിക്കേണ്ടിടത്ത് വിശദീകരിച്ചും സ്വതന്ത്ര പ്രയോഗം നടത്തേണ്ടിടത്ത് അങ്ങനെ ചെയ്തുമാണ് എ.ആർ.; വിവർത്തനം തയ്യാറാക്കിയത്. മൂല കൃതിയിലെ പെരുമഴയുടെ കൃത്രിമത്വം കലർന്ന വിശദവർണ്ണന ഉപേക്ഷിച്ച് ഒരു ശ്ലോക ത്തിൽ എ.ആർ. ഒതുക്കിയത് സംക്ഷേപണ സാമർത്ഥ്യത്തിന് ഉദാഹരണമാണ്.

"നീരാളും മുകിൽ നിര മന്നിൽ വീശിടുന്നു നീരാളച്ചുരുളുകൾ ചാണ്ടിടുന്ന പോലെ;

പോരാളിപ്പടഹ ഭയങ്കരം മുഴക്കം."21

ഔചിത്യ ദീക്ഷയോടെ തയ്യാറാക്കിയിരിക്കുന്ന ഈ കൃതി പഠനാർഹമായ ഒന്നാ ണ്. മഹാകവി എം.പി.അപ്പൻ പറയുന്നതു നോക്കുക.""ഏതാണ്ട് എഴുപതുകൊല്ലം മുൻപ് ചാരുദത്തൻ ഹൈസ്കൂൾ ക്ലാസ്സുകളിലും മറ്റും പാഠ്യ പുസ്തകമായിരുന്നു. ക്രമേണ ആ ഗ്രന്ഥം വിസ്മൃതമായിപ്പോയി"22എന്തായാലും ഒരു നാടകത്തിന്റെ ഗുണ ഗണങ്ങൾ തികഞ്ഞ രീതിയിൽ മാതൃഭാഷയിൽ ഈ കൃതി അവതരിപ്പിക്കാനായത് എ. ആർ നേടിയ ഒരു വിജയം തന്നെയാണ്.

### 2.2.8 **സ്വതന്ത്ര കൃതികളുടെ കടന്നുവരവ്**

കെ.സി. കേശവപിള്ളയുടെ കേശവീയം പ്രസിദ്ധീകരിച്ച് അധികം വൈകാതെ യാണ് എ.ആർ.രാജരാജവർമ്മ 'മലയവിലാസം' പ്രസിദ്ധീകരിക്കുന്നത്. 1895-ൽ കാല നികതയുടെ ആദ്യാങ്കുരങ്ങൾ ഈ കൃതികളിലാണ് ആദ്യമായി പ്രതിഫലിക്കുന്നത്. 'മല യവിലാസ'ത്തിൽ മലയപർവ്വതത്തിൻ്റെ വർണ്ണനയാണ് കവി നിർവ്വഹിച്ചിരിക്കുന്നത്. ഇവ കേവല വർണ്ണനകളല്ല. കവി മനസ്സിലെ വികാരവിചാരങ്ങളും ഭാവങ്ങളും പ്രതിഫലി പ്പിക്കും മട്ടിലുള്ള ഉത്കൃഷ്ടവർണ്ണനകളാണ്. ഇരുപത്തിനാല് പദ്യങ്ങളടങ്ങിയിരിക്കുന്ന ഈ കവിത രചിക്കാൻ എ.ആര്റിന് പ്രേരണയായത് മദ്രാസിൽ നിന്നും തിരുവനന്തപുര ത്തേക്കുള്ള യാത്രയാണ്. തീവണ്ടിയിലിരുന്ന് സഹ്യപർവ്വതത്തെ നോക്കിക്കണ്ട് കവിയുടെ വികാരവിചാരങ്ങളാണ് ഇതിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. നിയോക്ലാസിക് ഭാവങ്ങൾക്ക് അമിത പ്രാധാന്യം നല്കാതെ രചിച്ചിരിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. സംസ്കൃത സ്വാധീനം ചിലയിടത്തു പ്രകടമാകുന്നുണ്ടെങ്കിലും ഒരു ഭാഷാ കവിത ആസ്വദിക്കുന്ന എല്ലാ സ്വാഭാവികതയും കൈവരുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. ആശാനെപ്പോ *ലുള്ള കവികൾക്ക് പില്ക്കാലത്ത് പ്രേരണയായത് 'മലയവിലാസ' ത്തിലെയും അതു പോലുള്ള കൃതികളിലെയും കാല്പനിക പ്രവണതകളാണ്.

"രാജരാജവർമ്മ എഴുതിയ സ്വതന്ത്രകാവ്യമായ മലയവിലാസം മലയാളത്തിലെ ആദ്യത്തെ പ്രീറൊമാന്റിക് കാവ്യവും, രാജരാജവർമ്മ ആദ്യത്തെ പ്രീറൊമാന്റിക് കവിയും ആകുന്നു"23 മലയാളത്തിലെ ആദ്യത്തെ ഭാവഗീതമെന്നോ അർച്ചനാഗീതമെന്നോ ഇതിനെ പറയാം. മലയാള കവിത വസ്തുപരതയിൽ നിന്ന് ഭാവപരതയിലേക്കു നീങ്ങിത്തുടങ്ങിയതിൻ്റെ സൂചനയാണ് ആ ലഘുകാവ്യം.

എ. ആറിന്റെ സ്വതന്ത്രമായ ഖണ്ഡകാവ്യമായി പരിഗണിക്കേണ്ടത് പ്രസാദമാലയെയാണ്. പ്രസാദമാല മൂന്നു ഭാഗങ്ങളായാണ് രചിക്കപ്പെട്ടിരിക്കുന്നത്. എ.ആർ അതിന് ഗുച്ഛകം എന്ന് പേരിട്ടിരിക്കുന്നു. അധ്യായം എന്ന അർത്ഥത്തിലാകാം. വൈദിക ഗുച്ഛം, പൗരാണികഗുച്ഛം, ആചാര്യപ്രാർത്ഥന എന്നിവയാണ് പ്രധാനമായും അടങ്ങിയിരി ക്കുന്നത്. ആദ്യത്തേതിൽ പൃത്ഥിസ്ഥാന ദേവതാ പ്രാർത്ഥന, അന്തരീക്ഷസ്ഥാനദേവതാ പ്രാർത്ഥന, ദ്യുസ്ഥാന ദേവതാ പ്രാർത്ഥന എന്നിവ ഉൾപ്പെട്ടിരിക്കുന്നു. രണ്ടാമത്തേതിൽ സ്വസ്ഥാന ദേവതാപ്രാർത്ഥന, ജ്യോതിർമയ ദേവതാപ്രാർത്ഥന, അവതാര ദേവതാ പ്രാർത്ഥന എന്നിവയാണുള്ളത്. മൂന്നാമത്തതിലാകട്ടെ അവൈദികമത സ്ഥാപകരുടെ അനുഗ്രഹത്തിനായുള്ള പ്രാർത്ഥനയാണ്. ബുദ്ധൻ, ജിനൻ, ക്രിസ്തു എന്നിവരെയും പ്രാർത്ഥിക്കുന്നു. ഇത്തരത്തിൽ ഉള്ളടക്കം കൊണ്ടും ഗാംഭീര്യമുള്ള ഭാഷാ പ്രയോഗം കൊണ്ടും ആകർഷണീയമായ ഖണ്ഡകാവ്യമാണ് 'പ്രസാദമാല'.

എ.ആർ ജീവിച്ചിരുന്നപ്പോൾ തന്നെ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞ സ്വതന്ത്ര മല യാള കാവ്യമാണിത്. 1913-ൽ ഈ കൃതി രചിച്ച് ശ്രീമൂലം തിരുനാൾ മഹാരാജാവിന് സമർപ്പിക്കുന്നതായി എഴുതി പ്രസിദ്ധം ചെയ്തു.24 സമർപ്പണമായിട്ടുതന്നെ നാലുപദ്യം ചേർത്തിട്ടുണ്ട്. ദേവതമാരോടുള്ള പ്രാർത്ഥന ഒരു മാല പോലെ ഭാഷാവൃത്തങ്ങൾ കൂടി ഉപയോഗിച്ചുകൊണ്ട് രചിച്ചതുകൊണ്ട് 'മാലാ' പ്രയോഗം കൃതിക്ക് ഏറെ ചേരുനനുണ്ട്. സാധാരണക്കാർക്കു വേണ്ടി വ്യഖ്യാനസഹിതം ഇത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുമുണ്ട്. ഉദ്ഗ്ര ഥനപരവും അപഗ്രഥനപരവും ഭാവനാസമ്പന്നവുമായ പ്രതിഭാവിലാസം എ.ആറിന്റെ സ്വതന്ത്ര മലയാളകൃതികളിൽ ദൃശ്യമാണ്. വിവർത്തനങ്ങളിലായാല▯ സ്വതന്ത്രകൃതിക ളാലായാലും അദ്ദേഹം തൻ്റെ വ്യക്തിത്വം സ്ഥാപിച്ചിരിക്കുന്നുവെന്നത് നിസ്തർക്കമാണ്.ആയിരത്തിത്തൊള്ളായിരമാണ്ട് വരെയുള്ള മലയാള സാഹിത്യസരണി മാറ്റ ത്തിനു വിധേയമായിക്കൊണ്ടിരുന്നു. നോവൽ, നാടകം, വിമർശനം, ജീവചരിത്രം, ആത്മ
കഥ ഉപന്യാസം അവയെല്ലാം എഴുതപ്പെടാൻ തുടങ്ങി. 1907-ൽ വീണപൂവ് പ്രസിദ്ധമാ ആയെങ്കിലും തുടർന്നും മഹാകാവ്യങ്ങൾ എഴുതപ്പെട്ടു. രാജരാജവർമ്മയുടെയും കേരള വർമ്മ വലിയ കോയിത്തമ്പുരാന്റെയും കാലം നിയോ-ക്ലാസ്സിക് പ്രവണതകൾ നിറഞ്ഞു തായിരുന്നു. റൊമാന്റിക് യുഗത്തിലേക്കുള്ള ചുവടുമാറ്റം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നു മമ അത് കാലാജവർമ്മ (പ്രസ്ഥാനത്തിൻ്റെ അന്തർധാരയായി വർത്തിച്ചിരുന്നു. അതാണ് പില്ക്കാല കവികൾക്ക് മാർക്ഷദർശകവും പ്രചോദനവുമായത്.

### 2.2.9 ഭാഷാപഠനത്തിന് നല്കിയ മറ്റ് സംഭാവനകൾ

സാഹിത്യ രൂപങ്ങൾ കൂടാതെ വ്യാകരണഗ്രന്ഥങ്ങളും ഭാഷാപഠനകൃതികളും സാഹിത്യശാസ്ത്രഗ്രന്ഥങ്ങളും എ.ആർ.കൈരളിക്ക് നല്കിയിട്ടുണ്ട്. 'ലീലാതിലകം' എന്ന പ്രാചീന മണിപ്രവാള ഗ്രന്ഥമാണ് ഭാഷയിലെ ആദ്യ വ്യാകരണഗ്രന്ഥം. പിന്നീട് കുറേ ക്കാലം ഭാഷാപഠനരംഗം പരിപോഷിപ്പിക്കപ്പെട്ടില്ല . മിഷണറിമാരുടെ വരവോടെയാണ് വീണ്ടും അതിനൊരുണർവ്വ് ഉണ്ടായത്. അപ്പോഴേക്കും നമ്മുടെ ഭാഷയും ഏറെ വളർന്ന് കഴിഞ്ഞിരുന്നു.

വാരാപ്പുഴ ആർച്ച് ബിഷപ്പായിരുന്ന ഡോ:ആഞ്ചലോസ് ഫ്രാൻസിസ് ആണ് ആദ്യമായി ഒരുവ്യാകരണം രചിക്കുന്നത്. തുടർന്ന് അർണ്ണോസ്സ് പാതിരി, റോബർട്ട് ഡ്രമ്മണ്ട്, ജോസഫ് പീറ്റ് തുടങ്ങിയവരും വ്യാകരണ രചന നടത്തി. 1851-ൽ ഹെർമ്മൻ ഗുണ്ടർട്ട് ഏറെക്കുറെ സമഗ്രമായ "മലയാളഭാഷാവ്യാകരണം" രചിക്കുകയുണ്ടായി. റവ: ജോർജ് മാത്തൻ 1863-ൽ "മലയാണ്മയുടെ വ്യാകരണം" പ്രസിദ്ധീകരിച്ചു. കേരളീയ നായ പാച്ചുമൂത്തത് 1876-ൽ "കേരള ഭാഷയുടെ വ്യാകരണം' എന്ന ഗ്രന്ഥവും രചിച്ചു. കോവുണ്ണി നെടുങ്ങാടിയുടെ 'കേരളകൗമുദിയും' ഇക്കൂട്ടത്തിൽ ഉൽപ്പെടുത്തേണ്ടതാണ്. ഗുണ്ടർട്ടിന്റെയും, ജോർജ് മാത്തന്റെയും രചനകളാണ് പിന്നീട് ഭാഷാപഠനത്തിന് പലരും ഉപയോഗപ്പെടുത്തിയത്.

'രസതന്ത്രം' ഐച്ഛികമായെടുത്തു. പഠിച്ച രാജരാജവർമ്മയ്ക്ക് "വ്യാകരണ ശാസ്ത്രം" കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ടായില്ല. ഒരു കവിതയെന്നപോലെ അതിനെ ആവിഷ്കരിക്കാൻ അദ്ദേഹത്തിന് സാധിച്ചു. വിദ്യാഭ്യാസ കാലഘട്ടത്തുതന്നെ അനുയോജ്യമായ ഒരു വ്യാകരണ പഠനഗ്രന്ഥത്തിൻ്റെ അഭാവം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. യൗവനാരംഭത്തിനുമുൻപേ അത്തരമൊരു ചരിത്ര പഠനമുൾക്കൊ ള്ളുന്ന ആഗമികഗ്രന്ഥരചന എന്ന ആശയം അദ്ദേഹത്തിൽ അങ്കുരിച്ചിരുന്നു. അങ്ങനെ 1891 മുതൽ 1895-വരെയുള്ള കാലഘട്ടത്തിലെ നിരന്തരമായ അന്വേഷണങ്ങളും ഗവേഷ ണങ്ങളും ബൗദ്ധീക വ്യായാമങ്ങളും കൊണ്ട് രൂപപ്പെടുത്തിയതാണ്," കേരള പാണി നീയം" എന്ന മൗലിക വ്യാകരണ ഗ്രന്ഥം.

1896-ൽ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പിൽ 159 സൂത്രങ്ങളായിരുന്നു പിന്നീടുള്ള പതിപ്പിൽ അവ് കാരികകളാക്കുകയും എണ്ണം 194-യി ചുരുക്കുകയും ചെയ്തു. ചിപ്പിക്കുളിലെ മുത്തെന്നപോലെയാണ് അദ്ദേഹം കാരികുകളിൽ വ്യാകരണകാര്യങ്ങളെ സംഗ്രഹിച്ചിരിക്കുന്നത്. എ.ആറിന്റെ യുക്തിപരത, വ്യാഖ്യാനശേഷി, സൂക്ഷ്മവിശകലനപാവാ എന്നിവയ്ക്ക് ഉത്തമനിദർശനമാണ് ഈകൃതി.

മലയാളം തമിഴിൽ നിന്ന് വേറിട്ടുവന്ന ഭാഷയാണെന്ന വിശ്വാസമാണ് എ.ആറിതുള്ളത്. മലയാളഭാഷയുടെ ഉല്പത്തിവികാസങ്ങളെക്കുറിച്ചുള്ള വിശദപഠനം തന്നെ എആർ കേരളപാണിനീയ പീഠികയിൽ നടത്തുന്നുണ്ട്. അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം. പുരുഷഭേദനിരാസം, താലവ്യാദേശം, ഖിലോപസംഗ്രഹം,അംഗഭംഗം എന്നീ ആറ് നയങ്ങൾ പ്രവർത്തിച്ചാണ് കൊടുംതമിഴ് മലയാളമായി പരിണമിച്ചതെന്ന് ഉദാഹരണസഹിതം അദ്ദേഹം വാദിക്കുന്നു.

വ്യാകരണഭാഗത്തെ, സന്ധിപ്രകരണം, നാമാധികാരം, ധാത്വധികാരം, ഭേദകാധികാരം, നിപാതാവ്യയാധികാരം, ആകാംക്ഷാധികാരം, ശബ്ദാല്പത്തി എന്ന് ഏഴായിതി രിച്ചാണ് പ്രതിപാദിക്കുന്നത്. ഓരോ ഭാഗത്തും എ.ആർ സ്വന്തം നിലയ്ക്ക് സ്വതസിദ്ധ മായ ചില നിരീക്ഷണങ്ങളും നടത്തിയിട്ടുണ്ട്. കേരളപാണിനീയം പുറത്തുവന്ന പ്പോൾതന്നെ അനുകൂലിച്ചും പ്രതികൂലിച്ചും പല അഭിപ്രായങ്ങളും ഉണ്ടായി. വിമർശ നങ്ങൾക്കും കുറവുണ്ടായില്ല. എ.ആറിൻ്റെ ചില യുക്തികളെ ശേഷഗിരിപ്രഭു, സി.എൽ ആന്റ്ണി, സി.വി.വാസുദേവഭട്ടതിരി തുടങ്ങിയവർ വിമർശനപരമായി നിരീക്ഷിച്ചിട്ടുണ്ട്.

കേരളപാണിനീയം ഒന്നാം പതിപ്പിന് അവതാരിക എഴുതിയത് കേരളവർമ്മ വലിയകോയിതമ്പുരാനായിരുന്നു. രണ്ടാം പതിപ്പിന് സാഹിത്യപഞ്ചാനനും ഒരു അവതാരിക എഴുതുകയുണ്ടായി. പുതിയവീക്ഷണങ്ങളവതരിപ്പിച്ചുകൊണ്ടുള്ള രണ്ടാം പതിപ്പിനെ പി.കെ .ഏറെ അഭിനന്ദിച്ചിട്ടുണ്ട്. പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിന് "പ്രഥമവ്യാകര "വും (1906), മിഡിൽ സ്കൂളുകളിലേക്ക്, "മധ്യമ വ്യാകരണ'വും (1907), കോളേജുക്ലാ സ്സിലെ രണ്ടാം ഭാഷാമലയാളം പഠിക്കുന്നവർക്കായി, ശബ്ദശോധിനി, (1902) യും എ. ആർ എഴുതിയിട്ടുണ്ട്. എന്നാൽ ഇന്നും വ്യാകരണപഠനത്തിന് സ്കൂൾ കോളേജ് തലങ്ങ ളിൽ ആശ്രയിക്കുന്ന ഉത്തമ വ്യാകരണ ഗ്രന്ഥം, 'കേരള പാണിനീയം' തന്നെ.

മലയാളികളായ വിദ്യാർത്ഥികൾക്ക് സംസ്കൃത വ്യാകരണം ലളിതമായിപഠിക്കുന്നതിന് വേണ്ടി ലഘുപാണിനീയം (1909) എന്ന കൃതിയും കേരളപാണിനീയത്തിനനുബന്ധമായി മണിദീപികയും (1908) അദ്ദേഹം രചിച്ചു. സാഹിത്യത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനമാധ്യമമായ ഭാഷയെ വ്യവസ്ഥപ്പെടുത്തി എന്നതാണ് എ.ആർ. വ്യാകരണരചനയിലൂടെ മലയാളികൾക്ക് നല്കിയ സംഭാവന.

1
9
-
ശതകത്തോടുകൂടി ഗദ്യസാഹിത്യം നമ്മുടെ ഭാഷയിൽ വേരുപിടിച്ചു തുടങ്ങിയിരുന്നു. എ.ആറിലെ സാഹിത്യനിരൂപകൻ അതിൻ്റെ സമഗ്രതയോടെ പ്രകടമായതും അക്കാലത്താണ്. ഒരു മലയാള സർവ്വകലാശാല, സ്ഥാപിക്കേണ്ടതിന്റെ ആവശ്യ കമ്മ അദ്ദേഹം വളരെ മുൻപേതന്നെ ഉന്നയിച്ചിരുന്നു. ഭാഷയുടെയും സാഹിത്യത്തിന്റെയും അതുവഴി സമൂഹത്തിന്റെയും സംസ്കാരത്തിൻ്റെയും വളർച്ചയ്ക്കും ഉയർച്ചയ്ക്കും അത് അനുപേക്ഷണീയമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.
ഗദ്യരചനയുടെ ബാലപാഠങ്ങൾ അദ്ദേഹം ക്ലാസ്സുമുറികളിൽ പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. സംസ്കൃതത്തിലും മലയാളത്തിലും ചെറുപ്പം മുതലേ അദ്ദേഹം ഗദ്യമെഴുതി ശീലിച്ചിരുന്നു. മലയാളഭാഷയുടെ വികാസഘട്ടങ്ങളെക്കുറിച്ചുള്ള പ്രബന്ധ ങ്ങളാണ് അവയിലധികവും. മരുമക്കത്തായം, വിദ്യാഭ്യാസരീതി, പ്രജാധിപത്യഭരണം തുടങ്ങി വിവിധ വിഷയങ്ങളെപ്പറ്റി അദ്ദേഹം ഉപന്യസിച്ചിട്ടുണ്ട്. "രാജരാജന്റെ മാറ്റൊലി" എന്ന മുണ്ടശ്ശേരിയുടെ കൃതിയിലും കേസരി ബാലകൃഷ്ണപിള്ളയുടെ “രാജ രാജീയവും 'മെല്ലാം ഇക്കാര്യം അനുസ്മരിച്ചിട്ടുണ്ടെന്ന് കാണാം.

കേവലമൊരു സാഹിത്യകാരനോ ശാസ്ത്രകാരനോ വ്യാകരണരചയിതാവോ അധ്യാപകനോ മാത്രമല്ല; സർവ്വോപരി സാമൂഹ്യ പ്രതിബന്ധതയുള്ള എഴുത്തുകാരനായിരുന്നു പണ്ഡിതാഗ്രേസരനായ രാജരാജവർമ്മ. സാഹിത്യസാഹ്യം, വൃത്തമഞ്ജരി, ഭാഷാഭൂഷണം തുടങ്ങിയ സാഹിത്യശാസ്ത്ര-നിരൂപണഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ അനുപമമായ ധിഷണയ്ക്ക് നിദാനങ്ങളാണ്.

കവിത, സാഹിത്യശാസ്ത്രം, ഗദ്യസാഹിത്യം, വ്യാകരണം എന്നീ രംഗങ്ങളിൽ ഇതുപോലെ മറ്റാരും അക്കാലത്ത് സംഭാവനകൾ നല്കിയിട്ടില്ല. അദ്ദേഹത്തിൻ്റെ സംഭാ വനകൾ പില്ക്കാല രചനകൾക്കും ഭാഷാ പഠനങ്ങൾക്കും വളക്കൂറുള്ള മണ്ണൊരുക്കി. "ഭാവിയിൽ വിളവെടുക്കാനുള്ള വിത്തുകൾ വിതയ്ക്കുകയായിരുന്നു തന്റെ ഹ്രസ്വജീ വിതം കൊണ്ട് എ.ആർ രാജരാജവർമ്മ"25 എന്ന പി.കെ.രാജശേഖരൻ്റെ നിരീക്ഷണം അർത്ഥപൂർണ്ണമാണ്.

—-----------------

സഹായകഗ്രന്ഥങ്ങൾ - കുറിപ്പുകൾ

1. ഭാഗീരഥി അമ്മ തമ്പുരാൻ & എം.രാഘവവർമ്മ രാജ. - **എ.ആർ.രാജരാജവർമ്മ**. ഒന്നാംപതിപ്പ്, ഡിസംബർ 1996. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ പുറം 1

2. എ.ആർ. രാജരാജവർമ്മ **ഭാഷാഭൂഷണം**. ആറാം പതിപ്പ്, ജൂലൈ 2003. കറൻ്റ് ബുക്സ്, കോട്ടയം, പുറം 5

3. ഡോ.പി.വി. വേലായുധൻ പിള്ള **മലയാള സാഹിത്യ നായകൻമാർ - എ.ആർ.രാജരാ ജവർമ്മ** . ഒന്നാം പതിപ്പ്, 1993. കേരള സർവ്വകലാശാല, തിരുവനന്തപുരം. പുറം 14

4. പി.അനന്തൻ പിള്ള. **കേരളപാണിനി**, മൂന്നാം പതിപ്പ്, 1990, ബി.വി. ബുക്ക് ഡിപ്പോ & പ്രിന്റിംഗ് വർക്ക്സ്, തിരുവനന്തപുരം. പുറം 46

5. "മേഘോപാലംഭം എന്ന ഖണ്ഡകാവ്യം ഏകദേശം അക്കാലം സമീപിച്ചുണ്ടായ സൂര്യ ഗ്രഹണ സമയത്ത് ഗ്രഹണദർശന കുതുകിയായ കവിക്ക് മേഘപടലത്താൽ ആഗ്രഹം സാധിക്കാതെ പോയ നൈരാശ്യത്തിൽ രചിച്ചതാണ്". അതേ പുസ്തകം. പുറം 69

6. ഡോ: പി.വി. വേലായുധൻ പിള്ള. **മലയാള സാഹിത്യ നായകൻമാർ- എ.ആർ.രാജരാജ വർമ്മ.** ഒന്നാം പതിപ്പ്, 1993. കേരള സർവ്വകലാശാല, തിരുവനന്തപുരം. പുറം 25

7. അതേ പുസ്തകം. പുറം 26

8. അതേ പുസ്തകം. പുറം 29

9. അതേ പുസ്തകം. പുറം 30

10. "ഇതര കവി ആയിരുന്നാലും അർത്ഥ ചമത്കാരം കൊണ്ട് തദീയ കവിത അനുജന്റെ കവിതയോട് സമതയെ വഹിക്കുന്നു എന്നുമായിരുന്നു ആ പണ്ഡിത വരേണ്യന്റെ നിരൂപണം". ഭാഗീരഥി അമ്മ തമ്പുരാൻ & എം. രാഘവവർമ്മ രാജ - **എ.ആർ.രാജരാജവർമ്മ**. ഒന്നാം പതിപ്പ്, ഡിസംബർ 1996. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. പുറം 19

11. പന്മന രാമചന്ദ്രൻ നായർ. നവയുഗ ശിൽപി - രാജരാജവർമ്മ. ഒന്നാം പതിപ്പ്, ഡിസം76

ബർ 2003. കറന്റ് ബുക്സ്, കോട്ടയം. പുറം 76

12. അതേ പുസ്തകം. പുറം 71

13. ഡോ.പി.വി. വേലായുധൻ പിള്ള. മലയാള സാഹിത്യ നായകൻമാർ-എ.ആർ.രാജരാജ വർമ്മ ഒന്നാം പതിപ്പ്, 1993. കേരള സർവ്വകലാശാല, തിരുവനന്തപുരം, പുറം 38

14. മഹാകവി കുമാരനാശാൻ. **ആശാന്റെ പദ്യകൃതികൾ (സമാഹാരം).** പ്രരോദനത്തിന്റെ മുഖവുര. ഒന്നാം പതിപ്പ്, 1990. ഡി.സി. ബുക്ക്സ്, കോട്ടയം. പുറം 245

15. പന്മന രാമചന്ദ്രൻ നായർ. **നവയുഗ ശിൽപി - രാജരാജവർമ്മ,** ഒന്നാം പതിപ്പ്, ഡിസം ബർ 2003. കറന്റ് ബുക്സ്, കോട്ടയം. പുറം 89

16. ഭാഗീരഥി അമ്മ തമ്പുരാൻ & എം.രാഘവവർമ്മ രാജ. **എ.ആർ.രാജരാജവർമ്മ. ഒന്നാം പതിപ്പ്**, ഡിസംബർ 1996. സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. പുറം 93,94

17. അതേ പുസ്തകം. പുറം 95,96

18. അതേ പുസ്തകം. പുറം 97

19. പന്മന രാമചന്ദ്രൻ നായർ. **നവയുഗ ശിൽപി - രാജരാജവർമ്മ**. ഒന്നാം പതിപ്പ്, ഡിസം ബർ 2003. കറന്റ് ബുക്സ്, കോട്ടയം. പുറം 120-122

20. അതേ പുസ്തകം. പുറം 87

21. എം.പി.അപ്പൻ. **എ.ആർ മുതൽ മാരാർ വരെ.** ഒന്നാം പതിപ്പ്, ജനുവരി 1998.

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ. പുറം 17

22. അതേ പുസ്തകം. പുറം 10

23. പന്മന രാമചന്ദ്രൻനായർ. **നവയുഗ ശിൽപി - രാജരാജവർമ്മ**. ഒന്നാം പതിപ്പ്, ഡിസംബർ 2003 കറന്റ് ബുക്സ്, കോട്ടയം. പുറം 186

24. അതേ പുസ്തകം. പുറം 82

25. അതേ പുസ്തകത്തിൽ പി.കെ. രാജശേഖരൻ എഴുതിയിരിക്കുന്ന അവതാരിക.പുറം 7

—-----------------

പ്രബന്ധം - ഡോ.രഞ്ജിത് എം സുമാനുഷം നവഗൃഹ ഗാർഡൻസ് പകലൂർ റോഡ് പള്ളിച്ചൽ പള്ളിച്ചൽ പി ഒ നേമം തിരുവനന്തപുരം 695020 ( Dr. Ranjith M Sumanusham Navagriha Gardens Pakalur Road Pallichal Pallichal P O Nemom Thiruvananthapuram 695020)